**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1317** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ പദ്ധതിയും തീരദേശനിവാസികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേ പദ്ധതി തീരദേശ നിവാസികളുടെ ജീവിതത്തെ എപ്രകാരം ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; | (എ) | തീരദേശമേഖലയുടെ സമഗ്രപുരോഗതിക്ക് പശ്ചാത്തലസൗകര്യവികസനം സാധ്യമാക്കുന്നതിനാണ് തീരദേശ ഹൈവേ നിർമ്മാണം നടക്കുന്നത്. വിശദപദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിലും സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഘട്ടത്തിലും നിയമപരമായ പഠനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | തീരദേശ ഹൈവേയുടെ സമഗ്ര പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീ. വികസനം ആർ.ബി.ഡി.സി.കെ.-യെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഈ 4.8 കി.മീ. ന് DPR, RBDCK തയ്യാറാക്കുകയും ആയതിന് കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് (520 കി.മീ.) കെ.ആർ.എഫ്.ബി. - പി.എം.യു. വിന് കീഴിൽ വരുന്നത്. ഇതിൽ 8 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലമേറ്റെടുക്കുന്നതിനുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 2 റീച്ചുകളുടെ (പാലം പ്രവൃത്തി) ഡി.പി.ആർ.കിഫ്ബിയിൽ സാമ്പത്തികാ നുമതി സമർപ്പിച്ചിട്ടുണ്ട്. മറ്റ് റീച്ചുകളിൽ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.14 മുതൽ 15.6 മീറ്റർ വീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഫുട്ട്പാത്ത്, യൂട്ടിലിറ്റി ഡക്ടുകൾ, അമിനിറ്റി സെന്ററുകൾ, ബസ് ബേകൾ, ട്രക്ക് ലേ ബൈകൾ എന്നിവ പദ്ധതിയുടെ ഭാഗമാണ്. സൈക്കിൾ ട്രാക്കും പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്നുണ്ട്. ബീച്ച് |

| | | | |
|---|---|---|---|
| | | | ടൂറിസം വികസനത്തിനുള്ള കണക്ടിവിറ്റിയും പദ്ധതിയുടെ ഭാഗമാണ്. |
| (സി) | തീരദേശ ജനതയുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത പദ്ധതി ഏകപക്ഷീയമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | തീരദേശ ജനതയുടെ സമഗ്രവികസനം ലക്ഷ്യമിടുന്നതാണ് തീരദേശ ഹൈവേ പദ്ധതി. തീരദേശ പശ്ചാത്തല വികസനം ശക്തിപ്പെടുകയും തീരജനതയുടെ തൊഴിലും ജീവിതവും മെച്ചപ്പെടുകയും ചെയ്യും. മത്സ്യബന്ധനം, ഫിഷറീസ് അനുബന്ധ വ്യവസായങ്ങൾ, മറ്റ് ചെറുകിട വ്യവസായങ്ങൾ, എന്നിവയുടെ വികസനം സാധ്യമാക്കാനും പദ്ധതി സഹായിക്കും. പദ്ധതിയെ സംബന്ധിച്ച് ജനപ്രതിനിധികളുമായും ജനങ്ങളുമായും ചേർന്നാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച് ബഹു.എം.എൽ.എ. മാരുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗങ്ങൾ ചേരുന്നുണ്ട്. ജനപ്രതിനിധികളുടെ യോഗങ്ങളിൽ ചർച്ച നടത്തിയും ഫീൽഡ് വിസിറ്റ് നടത്തിയും ആവശ്യമായ മാറ്റങ്ങൾ കൂടി ഉൾക്കൊളളിച്ചാണ് അലൈൻമെന്റ് തയ്യാറാക്കുന്നത്. അതോടൊപ്പം പദ്ധതിമേഖലയിലെ വീടുകളിലെത്തി, ജനങ്ങളെ കണ്ട് പുനരധിവാസ പദ്ധതിക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള തീരദേശികസന കോർപ്പറേഷൻ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. ഈ നിലയിൽ സുതാര്യമായാണ് പദ്ധതി പ്രവർത്തനം നടക്കുന്നത്. |

സെക്ഷൻ ഓഫീസർ